LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാര കേന്ദ്രങ്ങളുടേയും ബോട്ടിംഗ് സൗകര്യങ്ങളുടേയും സുരക്ഷിതത്വം

112 (1868) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയും അവിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ബോട്ടിംഗ് സൗകര്യങ്ങളുടേയും സുരക്ഷിതത്വ പരിശോധനയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സർവ്വീസ് നടത്തുന്ന ബോട്ടുകളുടെയും മറ്റും സുരക്ഷിതത്വ പരിശോധന നടത്തുന്നത് ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സ് ആണ്. എന്നാൽ ടൂറിസ്റ്റ് ബോട്ടുകളിൽ യാത്ര ചെയ്യുന്ന സഞ്ചാരികളുടെ സുരക്ഷിതത്വം കണക്കിലെടുത്ത് യാത്ര ചെയ്യുന്ന അവസരത്തിൽ പാലിക്കേണ്ടുന്ന മുൻകരുതലുകളെ സംബന്ധിച്ച് ബോധവൽക്കരിക്കാൻ ടൂറിസം വകുപ്പ് ബ്രോഷർ പുറത്തിറക്കിയിട്ടുണ്ട്. ഇത് യാത്ര തുടങ്ങുന്നതിന് മുൻപായി ടൂറിസ്റ്റുകൾക്ക് വിതരണം ചെയ്യുന്നതാണ്. കൂടാതെ സഞ്ചാരികൾ പാലിക്കേണ്ടുന്ന മുൻകരുതലുകളെ സംബന്ധിച്ച് സി.ഡി. തയ്യാറാക്കി അത് പ്രദർശിപ്പിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ് എന്നിവയും യാത്രക്കാർക്ക് സുരക്ഷിതത്വം മുൻനിർത്തി നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ 30-4-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 5/10/സി.എസ്.ഐ.എൻ.ഡി. പ്രകാരം ഇൻലാന്റ് വെസ്സൽസ് റൂൾസും നിലവിൽ വന്നിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷ

113 (1869) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലെ വിശ്രമ കേന്ദ്രങ്ങളുടെ സുരക്ഷയ്ക്കും സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ സജ്ജമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുള്ള താമസസൗകര്യങ്ങൾ സജ്ജമാക്കുന്നതിനും കേരളത്തിലുള്ളവർക്ക് അവ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എല്ലാം തന്നെ സഞ്ചാരികളുടെ സുരക്ഷയ്ക്കായി ടൂറിസം പോലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അടിയന്തര ഘട്ടങ്ങളിൽ ലോക്കൽ പോലീസിന്റെ സേവനവും ലഭ്യമാണ്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സന്ദർശകരുടെ സൗകര്യാർത്ഥം 'സുലഭ' എന്ന ഏജൻസിയുമായി സഹകരിച്ച് ടോയിലറ്റ് സൗകര്യം ലഭ്യമാണ്. കൂടാതെ സുനാമി പദ്ധതിയിൽ വേറെയും പ്രധാന ബീച്ചുകളിൽ ടോയിലറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഡി.റ്റി.പി.സി.-കളും ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് നേരിട്ട് സഞ്ചാരികൾക്കായി താമസസൗകര്യം ഒരുക്കുന്നില്ല. പൊതുമേഖലയിൽ കെ.റ്റി.ഡി.സി. കഴിഞ്ഞാൽ സ്വകാര്യ സംരംഭകരാണ് താമസ സൗകര്യം ഒരുക്കുന്നത്. ടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിൽ താമസ സൗകര്യങ്ങൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സജ്ജമാക്കുന്നത് പ്രായോഗികമാണെന്ന് തോന്നുന്നില്ല.

ടൂറിസം കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ

114 (1870) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം കേന്ദ്രത്തിലേക്ക് അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി റോഡുകൾ പരിഷ്ക്കരിക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നുണ്ടോ ;

(ബി) വയനാട് വന്യജീവി സങ്കേതവുമായി ബന്ധിപ്പിക്കുന്ന ചീപ്പിലിത്തോട്-മരുതിലാവ് റോഡ് പരിഷ്കരണം ടൂറിസം പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) എങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ടൂറിസം കേന്ദ്രത്തിലേക്ക് അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി മലബാർ പാക്കേജിൽ ഉൾപ്പെടുത്തിയും റോഡുകളുടെ നവീകരണത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ബി&സി) പ്രസ്തുത വകുപ്പിന്റെ പരിമിതമായ പ്ലാൻ ഫണ്ടിൽ നിന്നു കൊണ്ട് പരിഗണിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly